എനർജി മാനേജ്മെന്റ് സെന്റർ ന്യൂസ്‌ലെറ്റർ

# ഊർജ്ജപത്രിക

Oorja Pathrika | A Newsletter from Energy Management Centre- Kerala

വാല്യം- 5, ലക്കം 06 | 2024 ജൂൺ 05




# ഹൈഡ്രോ പവർ ഫോർ ടുഡേ ഫോറം 10-ാമത് കോൺഫറൻസ് ചൈനയിൽ നടന്നു

ചൈനയിലെ ഹാങ്ങ്സൗവിൽ സംഘടിപ്പിച്ച "ഹൈഡ്രോ പവർ ഫോർ ടുഡേ ഫോറം" 10-ാമത് കോൺഫറൻസിൽ ഇ.എം.സി. ഡയറക്ടർ ഡോ. ആർ. ഹരികുമാർ പങ്കെടുത്തു. ഇന്റർനാഷണൽ നെറ്റ്‌വർക്ക് ഓൺ സ്മോൾ ഹൈഡ്രോ പവർ (INSHP), യുണൈറ്റഡ് നാഷൻസ് ഇൻഡസ്ട്രിയൽ ഡവലപ്മെന്റ് ഓർഗനൈസേഷന്റെ (UNIDO) കീഴിലുള്ള ഇന്റർനാഷണൽ സെന്റർ ഫോർ സ്മോൾ ഹൈഡ്രോ പവർ (ICSHP), ചൈനീസ് ജലവിഭവ മന്ത്രാലയം എന്നിവർ സംയുക്തമായാണ് കോൺഫറൻസ് സംഘടിപ്പിച്ചത്. മെയ് 22,23 തീയതികളിൽ നടന്ന കോൺഫറൻസിൽ അന്താരാഷ്ട്രതലത്തിൽ ഊർജ്ജ രംഗത്ത് പ്രവർത്തിക്കുന്ന നൂറുകണക്കിന് വിദഗ്ധരാണ് പങ്കെടുത്തത്.

UNIDO-യുടെ ചെറുകിട ജലവൈദ്യുത പദ്ധതികൾക്കായുള്ള റീജണൽ സെന്ററായി ഇ.എം.സി. പ്രവർത്തിച്ചു വരികയാണ്. കേരളത്തിൽ നടപ്പിലാക്കിയ ചെറുകിട ജലവൈദ്യുത പദ്ധതികളുടെ വെളിച്ചത്തിൽ "SHP- Enabling Community Empowerment, Sustainability and Energy Transition" എന്ന വിഷയത്തിൽ ഇ.എം.സി. ഡയറക്ടർ ഡോ. ആർ. ഹരികുമാർ അവതരണം നടത്തി. കോൺഫറൻസിന് മുന്നോടിയായി മെയ് 21ന് നടന്ന ഇന്റർനാഷണൽ നെറ്റ്‌വർക്ക് ഓൺ സ്മോൾ ഹൈഡ്രോ പവറിന്റെ എട്ടാമത് കോ-ഓർഡിനേറ്റിംഗ് മീറ്റിംഗിലും കമ്മിറ്റി അംഗമായ അദ്ദേഹം പങ്കെടുത്തു.




ഹൈഡ്രോ പവർ ഫോർ ടുഡേ ഫോറത്തിന്റെ സദസ്സ് (ഇടത്)
INSHP-യുടെ കോർഡിനേറ്റിംഗ് കമ്മിറ്റി യോഗം (വലത്)

# “കൂളിംഗ് ദി ഫ്യൂച്ചർ”; നൂതനമായ ശീതീകരണ സാങ്കേതികവിദ്യകളുടെ പ്രദർശനവും ശിൽപശാലയും

സുസ്ഥിരവും നൂതനവുമായ ശീതീകരണ സാങ്കേതികവിദ്യകളുടെ പ്രദർശനവും ശിൽപശാലയും 2024 മെയ് 30ന് കൊച്ചിയിലെ ക്രൗൺ പ്ലാസ ഹോട്ടലിൽ സംഘടിപ്പിച്ചു. എനർജി മാനേജ്മെന്റ് സെന്ററും വേൾഡ് റിസോഴ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഇന്ത്യയും (WRI India) സംയുക്തമായി ഇന്ത്യൻ സൊസൈറ്റി ഓഫ് ഹീറ്റിംഗ്, റഫ്രിജറേറ്റിംഗ്, എയർ കണ്ടീഷനിംഗ് എഞ്ചിനീയേഴ്സ് (ISHRAE) കൊച്ചി ചാപ്റ്ററിന്റെ സഹകരണത്തോടുകൂടിയാണ് പരിപാടി സംഘടിപ്പിച്ചത്.




ഇ.എം.സി. ഡയറക്ടർ ഡോ. ആർ. ഹരികുമാർ ശില്പശാലയിൽ സംസാരിക്കുന്നു

ഇ.എം.സി. ഡയറക്ടർ ഡോ.ആർ. ഹരികുമാർ, WRI India എനർജി പ്രോഗ്രാം തലവൻ തീർത്ഥാങ്കർ മണ്ഡൽ, ISHRAE കൊച്ചി ചാപ്റ്റർ പ്രസിഡന്റ് റോണി എസ്. ബെഞ്ചമിൻ എന്നിവർ ഉദ്ഘാടനയോഗത്തിൽ സംസാരിച്ചു.

ഉയർന്ന ഇൻസുലേറ്റീവ് ഗുണമുള്ള ഗ്ലാസുകൾ, കൂൾ റൂഫ് കോട്ടിംഗുകൾ, ഊർജ്ജ–കാര്യക്ഷമമായ മെക്കാനിക്കൽ കൂളിംഗ് സിസ്റ്റങ്ങൾ തുടങ്ങി കെട്ടിടങ്ങളിൽ ഉപയോഗിക്കുന്ന ശീതീകരണ സംവിധാനങ്ങളിൽ സുസ്ഥിരത കൈവരിക്കുവാൻ സഹായിക്കുന്ന സാങ്കേതികവിദ്യകളുടെ പ്രദർശനമാണ് നടന്നത്. പരിപാടിയുടെ ഭാഗമായി നടന്ന ശിൽപശാലയിൽ ഊർജ്ജ വിദഗ്ധർ, ആർക്കിടെക്റ്റുകൾ, എഞ്ചിനീയർമാർ അടക്കമുള്ള പ്രൊഫഷണലുകൾ പങ്കെടുത്തു. ബർജർ പെയിന്റ്സ്, ഡൈക്കിൻ, ജോൺസൺ ടൈൽ, സൂപ്പർഫാൻ, ലൂഫ്ടെക്, കുളിർമ, ടോക്ലേവ്, ചിൽടൺ എന്നീ പ്രമുഖ ബ്രാന്റുകൾ പരിപാടിയുമായി സഹകരിച്ചു.



ശില്പശാലയോടനുബന്ധിച്ച് സംഘടിപ്പിച്ച പ്രദർശനം

ആഗോളതാപനംമൂലം അന്തരീക്ഷ താപനില ഉയരുന്ന സാഹചര്യത്തിൽ എയർ കണ്ടീഷണറുകളുടെ ഉപയോഗം വർധിക്കുവാനും അതുവഴി വൈദ്യുത ഉപയോഗം കൂടുവാനും സാധ്യതയുള്ളതിനാൽ ജനങ്ങളെ സുസ്ഥിരമായ ശീതീകരണ സംവിധാനങ്ങളെക്കുറിച്ച് അവബോധം ഉള്ളവരാക്കി മാറ്റണമെന്ന് ശില്പശാലയിൽ അഭിപ്രായമുയർന്നു.

പരിപാടിയോടനുബന്ധിച്ച് നടന്ന പാനൽ ചർച്ചയിലും സാങ്കേതിക അവതരണങ്ങളിലും ഇന്റർനാഷണൽ ഫൈനാൻസ് കോർപ്പറേഷൻ ഏഷ്യ ലീഡ് ആതിഫ് സയീദ്, ISHRAE ഗ്രൂപ്പ് ചെയർമാൻ എൻ. എസ്. ചന്ദ്രശേഖർ, ഇ.എം.സി. ജോയിന്റ് ഡയറക്ടർ ദിനേശ് കുമാർ എ. എൻ., സ്മാർട്ട് ജൂൾസ് പ്രതിനിധി ലിസ്റ്റിൻ എബി മാത്യു, ക്രൗൺ പ്ലാസ ചീഫ് എൻജിനിയർ എം. ബി. സതീഷ്, ട്രോപ്പിക്കൽ ഗ്രീനോവേഷൻ സെൻറർ ലീഡ് ആഷിവ സുൽത്താന, ടബ്രീഡ് പ്രതിനിധി ആർച്ച മോാധി തുടങ്ങിയവർ പങ്കെടുത്തു.

# ലബോറട്ടറി മാനേജ്മെന്റ് സിസ്റ്റം ആന്റ് ഇന്റേണൽ ഓഡിറ്റ്സ്; പരിശീലനം

ഇ.എം.സി. സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ചേർന്ന് നടത്തുന്ന പദ്ധതിയായ സെന്റർ ഫോർ എനർജി സ്റ്റഡീസിന്റെ (CES) ആഭിമുഖ്യത്തിൽ നാലു ദിവസത്തെ പരിശീലനം സംഘടിപ്പിക്കുന്നു. "ലബോറട്ടറി മാനേജ്മെന്റ് സിസ്റ്റം ആന്റ് ഇന്റേണൽ ഓഡിറ്റ്സ്/ ISO/IEC 17025:2017" എന്ന വിഷയത്തിലാണ് പരിശീലനം സംഘടിപ്പിക്കുന്നത്.

2024 ജൂൺ 25 മുതൽ 28 വരെ ഇ.എം.സി.യിൽ വച്ചായിരിക്കും പരിശീലനം നടക്കുക. ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാന്റേർഡ്സിന് കീഴിലുള്ള നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിംഗ് ആന്റ് കാലിബ്രേഷൻ ലബോറട്ടറീസിന്റെ മുൻ ഡയറക്ടറായിരുന്ന ആർ. സി. മാത്യു ആണ് മാസ്റ്റർ ട്രെയിനർ.

രജിസ്ട്രേഷന്റെ അവസാന തീയതി 2024 ജൂൺ 23 ആണ്. താൽപര്യമുള്ളവർ https://tinyurl.com/EMCISO17025 എന്ന ലിങ്കിൽ രജിസ്റ്റർ ചെയ്യുക. കൂടുതൽ വിവരങ്ങൾക്ക് വിളിക്കുക, ഫോൺ: 7012202280, 9400068321.



## Two-day capacity-building workshop on
# Energy Efficiency Financing

The Bureau of Energy Efficiency, in collaboration with the National Power Training Institute (NPTI) Alappuzha, organized a two-day capacity-building workshop on "Energy Efficiency Financing" from May 16th to 17th, 2024, at NPTI Alappuzha. Dr. Tripta Thakur, Director General of NPTI, inaugurated the program. Dr. Ashok Kumar, Deputy Director General of the Bureau of Energy Efficiency (BEE), graced the occasion as the Chief Guest, and the keynote address was delivered by Johnson Daniel, Head of NMEEE & DSM Division at EMC. Dr. S. Selvam, Principal Director of NPTI Alappuzha, welcomed the participants, while R. Ramar, Deputy Director of NPTI Alappuzha, gave the vote of thanks for the inaugural session.

The workshop sessions were led by experts including Sarath Krishnan, Energy Technologist at EMC; V. K. Sunil Kumar, retired Deputy Chief Engineer and Energy Auditor at KSEBL; C. P. George, retired Deputy Chief Engineer at KSEBL; Shri. Suresh Babu, BEE Accredited Energy Auditor; and K. M. Shanavaz, BEE Accredited Energy Auditor. A total of 25 officials from various banks participated in the two-day capacity-building program.






Johnson Daniel, Head of NMEEE & DSM Division at EMC, delivering key note address (left), Sarath Krishnan S., Energy Technologist, EMC, leading a session (right)

## One-Day Workshop on
# Energy and Environmental Challenges for Sustainable Transportation

The National Transportation Planning and Research Centre (NATPAC), under the Kerala State Council for Science, Technology, and Environment (KSCSTE), conducted a one-day workshop on "Energy and Environmental Challenges for Sustainable Transportation." Supported by the Ministry of Environment, Forest, and Climate Change, Government of India, the program took place on May 10, 2024, at KSCSTE-NATPAC, Akkulam, Thiruvananthapuram.




Dr. R. Harikumar participating in an interacting session of the programme

The workshop was inaugurated by Sreekala S., Chairman of the Kerala State Pollution Control Board, and presided over by Prof. (Dr.) Samson Mathew, Director of KSCSTE-NATPAC. The event included technical sessions featuring experts from various sectors. Dr. R. Harikumar, Director of EMC-Kerala, participated in an interactive session. Narendra Nath Veluri IFS (Chief Executive Officer, ANERT), Suneel Pamidi IFS (Director, DoECC), and Sanjay Kumar (Director, Systems, Kochi Metro Rail Ltd.) also took part in a panel discussion. Johnson Daniel, Head of the NMEEE Division at EMC-Kerala, participated and led a technical session during the program.

# ഊർജ്ജ കിരൺ സമ്മർ ക്യാമ്പയിൻ സമാപിച്ചു

വേനൽക്കാലത്ത് സംസ്ഥാനത്തെ വർദ്ധിച്ചുവരുന്ന വൈദ്യുതി ഉപയോഗം കണക്കിലെടുത്ത് സംസ്ഥാനത്തുടനീളം നടത്തിവന്ന പൊതുജന ബോധവത്കരണ പരിപാടിയായ ഊർജ്ജകിരൺ സമ്മർ ക്യാമ്പയിൻ സമാപിച്ചു. ഇ.എം.സി.യും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡും (കെ.എസ്.ഇ.ബി.എൽ.) സംയുക്തമായി വിവിധ എൻ.ജി.ഒ.കളുടെ സഹകരണത്തോടു കൂടിയാണ് കെ.എസ്.ഇ.ബി.യുടെ സെക്ഷൻ ഓഫീസുകളെ കേന്ദ്രീകരിച്ച് ഊർജ്ജ കിരൺ സമ്മർ ക്യാമ്പയിൻ സംഘടിപ്പിച്ചത്.


മലപ്പുറം കോട്ടപ്പുറം ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് സൊസൈറ്റിയിൽ സംഘടിപ്പിച്ച ബോധവത്ക്കരണ പരിപാടി

വേനൽക്കാലത്ത് കരുതലോടെയും കാര്യക്ഷമതയോടെയുമുള്ള വൈദ്യുതി ഉപഭോഗം ഉറപ്പുവരുത്തുകയായിരുന്നു ക്യാമ്പയിനിന്റെ ലക്ഷ്യം. ഏപ്രിൽ-മെയ് മാസങ്ങളിൽ സംസ്ഥാനത്ത് കുതിച്ചുയർന്ന വൈദ്യുത ഉപഭോഗം ഒരു പരിധിവരെ നിയന്ത്രിച്ച് നിർത്താൻ ഈ ബോധവൽക്കരണ പരിപാടികൾ സഹായകമായി.

ക്യാമ്പയിനിന്റെ ഭാഗമായി മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിലായി 462 കെ.എസ്.ഇ.ബി. ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളുടെ പരിധിയിൽ ബോധവൽക്കരണ ശില്പശാലകൾ സംഘടിപ്പിച്ചു. മെയ് മാസത്തിൽ മാത്രം 260 ശില്പശാലകൾ സംഘടിപ്പിച്ചു.

## ഐ.ടി.ഐ. വിദ്യാർത്ഥികൾ ഇ.എം.സി. സന്ദർശിച്ചു

ഊർജ്ജസംരക്ഷണ- ഊർജ്ജകാര്യക്ഷമത അവബോധം വിദ്യാർത്ഥികൾക്കിടയിൽ ഉളവാക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം മുസ്ലീം ഐ.ടി.ഐ.യിലെ വിദ്യാർത്ഥികൾ 2024 മെയ് 21ന് ഇ.എം.സി. സന്ദർശിച്ചു. സന്ദർശനത്തിന്റെ ഭാഗമായി വിദ്യാർത്ഥികൾക്കായി ഇ.എം.സി. ഊർജ്ജകാര്യക്ഷമതയെ കുറിച്ചുള്ള അവബോധ ക്ളാസ്സ് സംഘടിപ്പിച്ചു. മുസ്ലീം ഐ.ടി.ഐ.യിലെ ഇലക്ട്രോ മെക്കാനിക്കൽ ബാച്ചിലെ വിദ്യാർത്ഥികളാണ് സന്ദർശനത്തിനെത്തിയത്. ഇ.എം.സി.യിലെ എനർജി ടെക്നോളജിസ്റ്റ് അനൂപ് സുരേന്ദ്രൻ വിദ്യാർത്ഥികൾക്കുള്ള ക്ളാസ്സുകൾ നയിച്ചു.

ഇ.എം.സി.യിൽ 19 വർഷത്തെ സ്തുത്യർഹമായ സേവനത്തിന് ശേഷം ശ്രീമതി. തങ്കം എ. വിരമിച്ചു.

ഇ.എം.സി. കുടുംബാംഗങ്ങളുടെ സ്നേഹോഷ്മളമായ ആശംസകൾ...



## ഊർജ്ജസംരക്ഷണത്തിൽ പങ്കാളികളാകൂ... സമ്മാനങ്ങൾ നേടൂ...

### ഊർജ്ജ സെൽഫി

ഊർജ്ജസംരക്ഷണം മുൻനിർത്തി വീടുകളിലോ സ്ഥാപനങ്ങളിലോ നടപ്പാക്കിയിട്ടുള്ള ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങളുടെ പശ്ചാത്തലത്തിലുള്ള സെൽഫിയും ചെയ്ത പ്രവർത്തനത്തെ കുറിച്ചുള്ള ഒരടിക്കുറിപ്പും 2024 ജൂലൈ 10 ന് മുമ്പായി emck@keralaenergy.gov.in എന്ന മെയിലിലേക്ക് അയയ്ക്കൂ.



ആകർഷകമായ സമ്മാനങ്ങൾ നേടൂ

*തിരഞ്ഞെടുക്കപ്പെടുന്ന പെയിന്റിംഗുകൾക്ക് ആകർഷകമായ സമ്മാനങ്ങൾ നൽകുന്നതാണ്

ഊർജ്ജപത്രികയെ കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായങ്ങൾ ഞങ്ങളെ അറിയിക്കാനായി QR കോഡ് സ്കാൻ ചെയ്യൂ. അല്ലെങ്കിൽ emck@keralaenergy.gov.in എന്ന മെയിൽ ID-യിലേക്ക് ഇമെയിൽ അയയ്ക്കൂ.



Published by **Dr. R. Harikumar**, Director, EMC

Editorial board

Dr. R. Harikumar (Chief Editor)
Er. Dinesh Kumar A. N. (Editor)
Er. Tomson Sebastian (Member)
Er. Anoop Surendran (Member)
Ms. Kumari Sheela (Circulation)

**Energy Management Centre – Kerala**
Department of Power, Government of Kerala
Sreekrishna Nagar, Sreekariyam. P.O
Thiruvananthapuram – 695017
Tel: +91-471-2594922, 2594924
www.keralaenergy.gov.in
Toll Free No. 1800 425 5256